പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 842 — 28. 9.11 ൽ മറുപടിയ്ക്ക്

ബോട്ട് അപകടങ്ങളെക്കുറിച്ച് വിലയിരുത്താൻ നടപടി

ചോദ്യം

ശ്രീ. മഞ്ഞളാംകുഴി അലി

മറുപടി

ശ്രീ. കെ.ബാബു
( എക്സൈസും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന ബോട്ട് അപകടങ്ങളെക്കുറിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; | എ | ഉണ്ട്. |
| ബി | കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഉണ്ടായ പ്രധാന ബോട്ട് അപകടങ്ങൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; | ബി | ഭൂതത്താൻകെട്ട് റിസർവോയറിൽ തട്ടേക്കാട് ഉണ്ടായ ബോട്ടപകടം, തേക്കടിയിലുണ്ടായ ബോട്ടപകടം, മലപ്പുറം ജില്ലയിൽ ചാലിയാറിലുണ്ടായ കടത്തുവള്ളം അപകടം എന്നിവയാണ് കഴിഞ്ഞ അഞ്ചു വർഷത്തിനിടയിലുണ്ടായ പ്രധാന ബോട്ടപകടങ്ങൾ. |
| സി | ഇതിൽ ഏതെല്ലാം അപകടങ്ങളെക്കുറിച്ച് അന്വേഷിക്കാനാണ് കമ്മീഷനുകളെ നിയോഗിച്ചിരുന്നതെന്ന് വെളിപ്പെടുത്താമോ; | സി | തേക്കടി, തട്ടേക്കാട് എന്നീ ബോട്ടപകടങ്ങളെക്കുറിച്ചന്വേഷിക്കാൻ അന്വേഷണ കമ്മീഷനുകളെ നിയോഗിച്ചിരുന്നു. |
| ഡി | ഏതെല്ലാം കമ്മീഷനുകളാണ് ഇതിനകം റിപ്പോർട്ട് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ ; | ഡി | തേക്കടി, തട്ടേക്കാട് എന്നീ രണ്ടു ബോട്ടപകടങ്ങളെ സംബന്ധിച്ച അന്വേഷണ കമ്മീഷനുകൾ സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. |
| ഇ | പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് ഏതെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ; | ഇ | തേക്കടി ബോട്ടുദുരന്തവുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. തട്ടേക്കാട് ബോട്ടപകടം സംബന്ധിച്ച അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ബോട്ടു സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അന്വേഷണക്കമ്മീഷനുകളുടെ |

| | | | |
|---|---|---|---|
| | | | റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇൻലാന്റ് വെസ്സൽസിനെ സംബന്ധിച്ച് സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ചട്ടങ്ങൾ ഒരു എക്സ്പർട്ട് കമ്മിറ്റിയുടെ ചുമതലയിൽ ~~പരിഷ്കരിക്കുകയും ആയത്~~ ക്രോഡീകരിച്ച് Kerala Inland Vessel Rules, 2010 ആയി ജി.ഒ(പി) നം. 5/2010/CSIND തീയതി 30-4-2010 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ചട്ടത്തിന്റെ നടത്തിപ്പ് 15-9-2010 മുതൽ തുറമുഖ വകുപ്പിനെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ ഉൾനാടൻ ജലയാനങ്ങളിലെ ജീവനക്കാർക്കും 4 ദിവസത്തെ നിർബന്ധ പരിശീലനം കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ നൽകിവരുന്നു. വേമ്പനാടു കായലിൽ ഹൈഡ്രോഗ്രാഫിക് സർവ്വേ നടത്തി ചാനലുകൾ അടയാളപ്പെടുത്തുന്ന ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതിനു പുറമേ ജലാശയങ്ങളിൽ അപകടങ്ങളുണ്ടായാൽ സത്വരമായ രക്ഷാപ്രവർത്തനങ്ങൾ നടത്താൻ ഒരു ഡൈവേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം നടത്തുന്ന കാര്യവും തുറമുഖ വകുപ്പിന്റെ പരിഗണനയിലുണ്ട്. ഹൗസ് ബോട്ടുകൾ ഉൾപ്പെടെ എല്ലാ ഉൾനാടൻ ജലയാനങ്ങളും ഓരോ വർഷവും സർവ്വേ നടത്തുന്നതിനും KIV Rules, 2010 പ്രകാരമുള്ള രജിസ്ട്രേഷൻ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| എഫ് | ഈ അടുത്ത കാലത്തായി ഹൗസ് ബോട്ടുകൾതുടരെത്തുടരെ അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | എഫ് | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ